"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്
03/02/2021, തിരുവനന്തപുരം

നം.15/എഫ്.എം1/2021/ത.സ്വ.ഭ.വ.

അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ട്രഷറി വകുപ്പ്

സ്റ്റേറ്റ് ഇൻഫർമാറ്റിക് ഓഫീസർ, NIC

സർ,

വിഷയം:- ബിൽ ഡിസ്കൗണ്ടിങ് സിസ്റ്റം - നിർമ്മാണ പ്രവർത്തികളുടെയും മറ്റും ഇൻകം ടാക്സ്, വെൽഫെയർ ഫണ്ടിലേക്ക് അടയ്ക്കേണ്ട വിഹിതം, GST, എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥർ കുറവ് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 07.01.2021 ലെ 2.5 (3.2) നമ്പർ യോഗതീരുമാനം

2. തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ.യു.വി.ജോസ് ഐ.എ.എസി ന്റെ അദ്ധ്യക്ഷതയിൽ 2021 ജനുവരി 29 ന് ചേർന്ന യോഗം

സൂചന (2) ലെ യോഗത്തിന്റെ മിനിട്സ് അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
**RAJEEVE C R**
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

for സെക്ഷൻ ഓഫീസർ.
Copy to :- Finance Deaprtment.

# ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റത്തിലൂടെ പെയ്മെന്റ് നൽകുന്നതിനായി നിശ്ചയിച്ച ബില്ലുകളുടെ ഫൈനൽ സെറ്റിൽമെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 2021 ജനുവരി 29 ന് ചേർന്ന യോഗത്തിന്റെ മിനിട്ട്സ്

തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ.യു.വി.ജോസ് ഐ.എ.എസി ന്റെ അദ്ധ്യക്ഷതയിൽ ഉച്ചയ്ക്കുശേഷം 4 മണിക്ക് യോഗം ആരംഭിച്ചു. യോഗത്തിന്റെ ഹാജർ അനുബന്ധമായി നൽകിയിട്ടുണ്ട്.

ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റത്തിലൂടെ പേയ്മെന്റ് നൽകുന്നതിനായി നിശ്ചയിച്ച ബില്ലുകളുടെ ഫൈനൽ സെറ്റിൽമെന്റ് നടത്തുന്നതിനുള്ള സൗകര്യം സോഫ്റ്റ് വെയറുകളിൽ ഇല്ലാത്തത് കാരണം സ്റ്റാറ്റ്യൂട്ടറി ഡിഡക്ഷനുകൾ നടക്കുന്നില്ലെന്ന് 2020 ജനുവരി 07 ന് കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി നിരീക്ഷിച്ചിട്ടുണ്ടെന്ന് സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് കൺവീനർ ശ്രീ. എസ്.ആർ.സനൽകുമാർ ആമുഖമായി റിപ്പോർട്ട് ചെയ്തു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് ഈ വിഷയം ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കണമെന്ന് കോ-ഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇന്നത്തെ യോഗം വിളിച്ചു ചേർത്തിട്ടുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ മേൽപ്പറഞ്ഞ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ് വെയറുകളിൽ ഇതിനുള്ള ക്രമീകരണം ഇതിനോടകം വരുത്തിയിട്ടുണ്ടെന്നും പുതിയ സംവിധാനം ഇപ്പോൾ പ്രവർത്തനക്ഷമമാണെന്നും എൻ.ഐ.സി യുടെയും ട്രഷറി വകുപ്പിന്റെയും ഇൻഫർമേഷൻ കേരള മിഷന്റെയും പ്രതിനിധികൾ അറിയിച്ചു. 2020 ജൂണിനു മുമ്പ് ബി.ഡി.എസ് മാർഗത്തിലേക്ക് മാറ്റിയ ബില്ലുകൾ (ഏകദേശം 1500ഓളം ബില്ലുകൾ) ക്രമപ്പെടുത്തുന്നതിനുള്ള സൗകര്യം സോഫ്റ്റ് വെയറുകളിൽ ഇപ്പോൾ ലഭ്യമാണ്. ഫംഗ്ഷണൽ ഹെഡിൽ നിന്നും തുക കുറവ് ചെയ്ത് ധനകാര്യവകുപ്പിന്റെ സസ്പെൻസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാനും സ്റ്റാറ്റ്യൂട്ടറി ഡിഡക്ഷനുകൾ (ജി.എസ്.റ്റി, ഇൻകം ടാക്സ്, ക്ഷേമനിധി വിഹിതം മുതലായവ) നടത്താനും കഴിയും. ഇതിനോടകം 150 ഓളം ബില്ലുകൾ ക്രമപ്പെടുത്തി കഴിഞ്ഞെന്ന് റിപ്പോർട്ട് ചെയ്തു.

ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം പ്രാവർത്തികമാക്കുന്നതിനുള്ള സോഫ്റ്റ് വെയറുകളുടെ വർക്ക് ഫ്ളോയിൽ ധനകാര്യ വകുപ്പ് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും അതിൽ ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് (DSC) നിർബന്ധമാണെന്നും ധനകാര്യ വകുപ്പിന്റെ പ്രതിനിധി സൂചിപ്പിച്ചു. ഡി.എസ്.സി സൗകര്യം കരസ്ഥമാക്കാൻ ബാക്കിയുള്ള എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ഒരു നിശ്ചിത തീയതിയ്ക്കകം ആയത് കരസ്ഥമാക്കണമെന്നും അദ്ദേഹം സൂചിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. 2020 ജൂണിന് മുമ്പ് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റിയ ബില്ലുകൾക്ക്, 28.05.2020 ലെ സ.ഉ(അ) 68/2020/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 3 (III) പ്രകാരം വരുത്തേണ്ട ക്രമപ്പെടുത്തലുകൾ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ഫെബ്രുവരി 15-നകം പൂർത്തിയാക്കേണ്ടതാണ്. ബന്ധപ്പെട്ട സ്പിൽ ഓവർ പ്രോജക്ടുകളുടെ 2020-21 ലെ വിഹിതത്തിൽ നിന്നും ധനകാര്യവകുപ്പ് നിശ്ചയിച്ചിട്ടുള്ള നിശ്ചിത തീയതിയ്ക്കു ശേഷം (ഷെഡ്യൂൾഡ് ഡേറ്റ് ഓഫ് പെയ്മെന്റിനു ശേഷം) സസ്പെൻഡ് അക്കൗണ്ടിലേക്ക് തുക ക്രമപ്പെടുത്തുന്നതിനും സ്റ്റാറ്റ്യൂട്ടറി ഡിസ്കൗണ്ടുകൾ നടത്തി ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ഒടുക്കുന്നതിനുമുള്ള സൗകര്യങ്ങൾ സോഫ്റ്റ് വെയറിൽ ലഭ്യമാണ്.

2. 1500 ഓളം ബില്ലുകളാണ് ഇപ്രകാരം ക്രമപ്പെടുത്താനുള്ളത്. ഇതിന്റെ പുരോഗതി വകുപ്പുമേധാവികൾ (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ചീഫ് എഞ്ചിനീയർ) ഓരോ ദിവസവും അവലോകനം ചെയ്ത് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിലേക്ക്, ബില്ലുകൾ ക്രമപ്പെടുത്തുന്നതിലെ പുരോഗതി റിപ്പോർട്ട് (തദ്ദേശ സ്ഥാപനം തിരിച്ചുള്ള ഓരോ ദിവസത്തെയും പുരോഗതി റിപ്പോർട്ട്) ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കി വകുപ്പ മേധാവികൾക്ക് നൽകേണ്ടതാണ്.

3. ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിനു ചുമതലപ്പെടുത്തിയിട്ടുള്ള എല്ലാ നിർവഹണ ഉദ്യോഗസ്ഥരും എത്രയും പെട്ടെന്ന് ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് (DSC) സൗകര്യം കരസ്ഥമാക്കണമെന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്കും നിർവഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകണം. ഡി.എസ്.സി നിർബന്ധമാക്കുന്നതിനുള്ള തീയതി തദ്ദേശസ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച്നടപ്പിൽ വരുത്തണമെന്ന് ധനകാര്യവകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്.

വൈകുന്നേരം 5 മണിക്ക് യോഗം അവസാനിച്ചു.

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1) ശ്രീ.യു.വി.ജോസ്.ഐ.എ.എസ്

2) ശ്രീ. എസ്.ആർ. സനൽ കുമാർ, കൺവീനർ, സ്റ്റേറ്റ് റിസോർസ് ഗ്രൂപ്പ്
3) ശ്രീ. അരുൺ കുമാർ. എസ്, ടെക്നിക്കൽ ഓഫീസർ, ഐ.കെ.എം
4) ശ്രീ. അനീഷ്. എ, പ്രോജക്ട് മാനേജർ, ഐ.കെ.എം
5) ശ്രീ.ബിനുകുമാർ. സി.വി, ജൂനിയർ സൂപ്രണ്ട്
6) ശ്രീ.ഷീന.യു.എസ്, അസിസ്റ്റന്റ്, ബി.ഡി.എസ്
7) ശ്രീ. ലിഷ മോഹൻ.എം, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിഷണർ, ഗ്രാമവികസന വകുപ്പ്
8) ശ്രീ. ജോസ്നമോൾ. എസ്, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
9) ശ്രീ.സുബോധ്.എസ്, പി.ഓ, നഗരകാര്യ വകുപ്പ്
10) ശ്രീ. പ്രസാദ്.ആർ, FO , LSGD
11) ശ്രീ. ജെ.ബെന്നി, JDC, RD
12 ശ്രീ. ശ്രീരാജ്.എസ്, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്
13) ശ്രീ. എ. നിസാറുദീൻ, സീനിയർ ടെക്നിക്കൽ ഡയറക്ടർ
14) ശ്രീ. അനിൽ.എസ്, പ്രിൻസിപ്പൽ സിസ്റ്റം അനലിസ്റ്റ്
15) ശ്രീ. രാഘുനാഥൻ ഉണ്ണിത്താൻ, ചീഫ് (ഐ.ടി) ട്രെയിനിങ്

കീഴെഴുത്ത് No. DB3/753(B)/12/CE/LSGD തീയതി - 04.02.2021

മേൽ യോഗത്തിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിനായി നിർദ്ദേശിക്കുന്നു.

ചീഫ് എഞ്ചിനീയർ
for LIDPEW

തിരുവനന്തപുരം.